**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് – ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി – വായ്പാതുക എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും ഇന്ദിരാ ആവാസ് യോജനയ്ക്കും വിനിയോഗിക്കാവുന്നതാണെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.ബി.)വകുപ്പ്**

സ.ഉ.(സാധാ)നം.3230/2010/തസ്വഭവ തിരുവനന്തപുരം, തീയതി: 11.10.2010

പരാമർശം:1. സ.ഉ.(എം.എസ്)നം.207/2010/തസ്വഭവ, തീയതി 07.11.2009

2. സർക്കുലർ നമ്പർ 37176/ഡി.ബി.1/2010/തസ്വഭവ; തീയതി 10.06.2010

3. സർക്കുലർ നമ്പർ 51938/ഡി.ബി.1/2010/തസ്വഭവ; തീയതി 11.08.2010

## ഉത്തരവ്

സംസ്ഥാനത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ഭവന രഹിതർക്ക് വീടും ഭൂരഹിത–ഭവന രഹിതർക്ക് ഭൂമിയും വീടും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചിട്ടുള്ള ഇ.എം.എസ് ഭവന പദ്ധതിയുടെ മാർഗരേഖ പരാമർശം 1 പ്രകാരം പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത മാർഗരേഖയുടെ 12, 13, 14 ഖണ്ഡികകളിൽ, സമ്പൂർണ്ണ ഭവന പദ്ധതിക്ക് ആവശ്യമായ വിഹിതവും വായ്പാതുകയും കണക്കാക്കേണ്ട രീതി വിശദമാക്കിയിട്ടുണ്ട്. സമ്പൂർണ്ണ ഭവന പദ്ധതിക്കുവേണ്ട ആകെ വിഹിതം എത്രയെന്ന് കണക്കാക്കുമ്പോൾ ഇന്ദിരാ ആവാസ് യോജനയ്ക്ക് (ഐ.എ.വൈ) വേണ്ട അധിക വിഹിതവും എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്ക് വേണ്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതവും കൂടി ഉൾപ്പെടുത്തണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇങ്ങനെ മൊത്തം ആവശ്യമായ തുക കണക്കാക്കിയതിനുശേഷം അതിൽ നിന്ന് തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായത് കഴിച്ചുള്ള ബാക്കി തുകയാണ് നിശ്ചിത നിബന്ധനകൾക്ക് വിധേയമായി സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും വായ്പയിലൂടെ കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളത്.

2. ഐ.എ.വൈ പദ്ധതിക്കും എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും ആവശ്യമായ വിഹിതം ഉൾപ്പെടെ സമ്പൂർണ്ണ ഭവന പദ്ധതിക്ക് വേണ്ട മൊത്തം തുക കണക്കാക്കി തദ്ദേശഭരണ സ്ഥാപനതലത്തിൽ ലഭ്യമായത് കഴിച്ചുള്ള ബാക്കി തുക വായ്പയെടുക്കുന്നു എന്നതിൽ നിന്നു തന്നെ വായ്പാ തുക ഐ.എ.വൈ പദ്ധതിക്കും എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും വിനിയോഗിക്കാമെന്ന് വ്യക്തമാണ്. ഇക്കാര്യം പരാമർശം 2, 3 എന്നിവ പ്രകാരം വ്യക്തമാക്കിയിട്ടുള്ളതുമാണ്. എന്നാൽ വായ്പാ തുക ഐ.എ.വൈ പദ്ധതിക്കും എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിക്കും വിനിയോഗിക്കാൻ പാടില്ലെന്ന് ചില ഉദ്യോഗസ്ഥരും സഹകരണ ബാങ്കുകളും ഇപ്പോഴും നിഷ്ക്കർഷിക്കുന്നതിനാൽ ഈ പദ്ധതികളുടെ നടത്തിപ്പിൽ തടസം നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സമ്പൂർണ്ണ ഭവന പദ്ധതിക്കുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പാ തുക ഐ.എ.വൈ. പദ്ധതിയുടെ അധിക വിഹിതം നൽകുന്നതിനും എം.എൻ. ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയുടെ തദ്ദേശഭരണ സ്ഥാപന വിഹിതം നൽകുന്നതിനും വിനിയോഗിക്കാമെന്ന് വ്യക്തമാക്കി സർക്കാർ ഉത്തരവാകുന്നു.

4. സമ്പൂർണ്ണ ഭവന പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾ എടുക്കുന്ന വായ്പ ഇ.എം.എസ് ഭവന പദ്ധതിക്ക് പുറമെ എം.എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിക്കോ ഇന്ദിരാ ആവാസ് യോജനയ്ക്കോ വിനിയോഗിക്കുകയാണെങ്കിലും മൊത്തം വായ്പയുടേയും പലിശ പൂർണ്ണമായും സർക്കാർ വഹിക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 സെക്രട്ടറി, ഭവന വകുപ്പ്
8 സെക്രട്ടറി, സഹകരണ വകുപ്പ്
9 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
10 രജിസ്ട്രാർ, സഹകരണസംഘം
11 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
14 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
15 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
16 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
17 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
18 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
19 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
20 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
21 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
22 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
23 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
24 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
25 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
26 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
27 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
28 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
29 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
30 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
31 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
32 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
33 പൊതുഭരണ (എസ്.സി) വകുപ്പ്
34 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഭവന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
5. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
6. തദ്ദേശസ്വയംഭരണ ഡി.എ/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾ